# പതിനാലാം കേരള നിയമസഭ

## നാലാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 2187** | **07/03/2017-ൽ മറുപടിക്ക്**

**സ്റ്റെന്റുകൾ, ഡ്രഗ്ഗ് എല്യൂട്ടഡ്, ബെയർ മെറ്റൽ എന്നിവയുടെ വില**

**ചോദ്യം**

**ശ്രീ.പി.ഉബൈദുള്ള**

**മറുപടി**

**ശ്രീമതി.കെ.കെ.ശൈലജ ടീച്ചർ**
(ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പമന്ത്രി)

എ) ഹൃദ്രോഗ ചികിത്സയിൽ ഉപയോഗിക്കുന്ന സ്റ്റെന്റുകളുടെ വിലയിൽ 85% വരെ കുറവ് ഏർപ്പെടുത്തിക്കൊണ്ടുള്ള കേന്ദ്ര സർക്കാർ തീരുമാനം സംസ്ഥാനത്ത് നടപ്പിലാക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

എ) നിശ്ചയിച്ചുറപ്പിച്ചിട്ടുള്ള വിലയ്ക്ക് സ്റ്റെന്റുകൾ പൊതുജനങ്ങൾക്ക് ലഭ്യമാകുന്നതിനായി സംസ്ഥാനത്ത് ഡ്രഗ്സ് കൺട്രോൾ വിഭാഗം അതീവ ജാഗ്രത പുലർത്തി പരിശോധനകൾ കർശനമാക്കിയിട്ടുണ്ട്.സ്റ്റെന്റ് ഉപയോഗിച്ചു കൊണ്ടുള്ള ഹൃദയ ശസ്ത്രക്രിയാ രീതികൾ പിൻതുടരുന്ന ആശുപത്രികൾ/ നഴ്സിംഗ് ഹോമുകൾ/ ക്ലിനിക്കുകൾ എന്നിവർ ശസ്ത്രക്രിയയ്ക്ക് വിധേയരാകുന്ന രോഗികൾക്ക് നൽകുന്ന ബില്ലുകളിൽ കൊറോണറി സ്റ്റെന്റിന്റെ വില, ബ്രാൻഡ് നെയിം, ബാച്ച് നമ്പർ, നിർമ്മാതാവ്/ ഇംപോർട്ടറുടെ പേര് എന്നീ വിശദാംശങ്ങൾ പ്രത്യേകം രേഖപ്പെടുത്താൻ നിർദ്ദേശം നൽകിയിട്ടുണ്ട്.

വില നിയന്ത്രണം മറികടന്ന് വിൽപ്പന നടത്തുന്നതായി ശ്രദ്ധയിൽപ്പെടുന്ന പക്ഷം നിയമം ലംഘിക്കുന്നവർക്കെതിരെ അവശ്യ വസ്തു നിയമം (ESSENTIAL COMMODITIES ACT) അനുശാസിക്കുന്ന പ്രകാരം നടപടി എടുക്കുന്നതാണ് കൂടാതെ വിലനിയന്ത്രണം മറികടക്കുന്ന നിർമ്മാതാക്കളുടെ വിശദാംശങ്ങൾ അനന്തരനടപടികൾക്കായി ദേശീയ ഔഷധ വില നിയന്ത്രണ അതോറിറ്റിയെ അറിയിക്കുന്നതുമാണ് ദേശീയ ഔഷധ വില നിയന്ത്രണ അതോറിറ്റിയുടെ ഔദ്യോഗിക വെബ്സൈറ്റിലെ (WWW.NPPAINDIA.IN) ഫാർമജൻ

| | | | |
|---|---|---|---|
| | | | സമാധാൻ എന്ന ലിങ്കിൽ സ്റ്റെന്റുകളുടെ വിലനിയന്ത്രണം സംബന്ധിച്ചുള്ള പൊതുജനങ്ങളുടെ പരാതികൾ ഓൺ ലൈനായി രജിസ്റ്റർ ചെയ്യാവുന്നതാണ്. |
| ബി) | ആൻജിയോപ്ലാസ്റ്റി ശസ്ത്രക്രിയയ്ക്ക് ആവശ്യമായ ഡ്രഗ് എല്യൂട്ടിംഗ് സ്റ്റെന്റ്, ബെയർ മെറ്റൽ എന്നിവയുടെ വികൃതി ഉൾപ്പെടെയുള്ള വിലയ്ക്ക് നിശ്ചിത നിരക്ക് ഏർപ്പെടുത്തി വിജ്ഞാപനം ചെയ്യുമോ; | ബി) | സ്റ്റെന്റുകളുടെ വ്യാപാര വിതരണ രീതികളിൽ നിലനിന്നിരുന്ന അനിയന്ത്രിതമായ വില നിർണ്ണയ രീതിയും അമിത ലാഭം ഈടാക്കലും നിയന്ത്രണത്തിൽ കൊണ്ടുവരുന്നതിലേയ്ക്കായി പ്രസ്തുത ഉല്പന്നങ്ങളെ ദേശീയ അവശ്യ മരുന്നു പട്ടികയിൽ ഉൾപ്പെടുത്തുകയും, ഡ്രഗ്സ് പ്രൈസ് കൺട്രോൾ ഓർഡർ 2013-ന്റെ വ്യവസ്ഥകൾക്ക് അനുസൃതമായി പൊതുജനാരോഗ്യ താത്പര്യാർത്ഥം ദേശീയ ഔഷധ വില നിയന്ത്രണ സമിതി 13/02/2017-ൽ സ്റ്റെന്റുകൾക്ക് അടിസ്ഥാന വില നിശ്ചയിച്ചുകൊണ്ടുള്ള അസാധാരണ ഗസറ്റ് വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുമുണ്ട്. |
| സി) | അടുത്തിടെ നിലവിൽ വന്ന മെഡിക്കൽ ഉപകരണ നിയമത്തിന്റെ പിൻപറ്റി ഏറ്റവും ഗുണമേന്മയുള്ള സ്റ്റെന്റുകൾ നിർമ്മിക്കുന്നതിനും വില കുറയ്ക്കുന്നതിനും നടപടി സ്വീകരിക്കുമോ | സി) | കാർഡിയാക് സ്റ്റെന്റ്സ് ഡ്രഗ് എല്യൂട്ടിംഗ് സ്റ്റെന്റ്സ് എന്നിവ നോട്ടിഫൈഡ് മെഡിക്കൽ ഡിവൈസ് എന്ന കാറ്റഗറിയിൽ പെടുന്നതിനാൽ ഇവ കേന്ദ്ര സംസ്ഥാന ഡ്രഗ്സ് കൺട്രോൾ വകുപ്പുകളുടെ സംയുക്ത നിയന്ത്രണത്തിലാണ്. ആയതുകൊണ്ട് തന്നെ സ്റ്റെന്റ് നിർമ്മാണത്തിന് നിശ്ചയിച്ചിട്ടുള്ള മാനദണ്ഡങ്ങൾ സംയുക്ത പരിശോധനയിലൂടെ ഉറപ്പുവരുത്തിയതിനു ശേഷമാണ് പ്രസ്തുത ഉൽപ്പന്നങ്ങൾ നിർമ്മിക്കുന്നതിനുള്ള ലൈസൻസുകൾ അനുവദിക്കുന്നത്. ഇപ്രകാരം മാനദണ്ഡങ്ങൾക്ക് വിധേയമായി അന്യസംസ്ഥാനങ്ങളിൽ നിർമ്മിക്കുന്നതോ ഇറക്കുമതി ചെയ്യുന്നതോ ആയിട്ടുള്ള സ്റ്റെന്റ് ഉൽപ്പന്നങ്ങളാണ് സംസ്ഥാന വിപണിയിലുള്ളത്. നിലവിൽ സംസ്ഥാനത്ത് കൊറോണറി സ്റ്റെന്റ് നിർമ്മാതാക്കൾ ആരും തന്നെയില്ല. |

**ഡി)** ക്ലിനിക്കൽ എസ്റ്റാബ്ലിഷ്മെന്റ് നിയമം സംസ്ഥാനത്ത് എന്ന് നടപ്പിലാക്കുമെന്ന് വ്യക്തമാക്കുമോ?

**ഡി)** കേരള ക്ലിനിക്കൽ എസ്റ്റാബ്ലിഷ്മെന്റ് (രജി. & റഗു.) ബിൽ 2017 നിയമസഭയിൽ അവതരിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

**സെക്ഷൻ ഓഫീസർ**